സർക്കാർ നൽകിവന്നിരുന്ന സൗകര്യങ്ങൾ തുടർന്നും നൽകുന്നകാര്യം പുനഃപരിശോധിക്കുന്നതും ഈ വിവരം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയെയും ആരോഗ്യ സർവ്വകലാശാലയെയും അറിയിക്കുന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ജനറൽ മാനേജർ അമിതാഭായിയുടെ വിദ്യാഭ്യാസ യോഗ്യതകൾ**

**82 (8142)** <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ജനറൽ മാനേജർ അമിതാഭായിയുടെ വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ ലഭ്യമാക്കാമോ ;

(സി) ഇവരെ ഈ തസ്തികയിൽ നിയമിക്കുന്നതിനെതിരെ ധനവകുപ്പ് എതിർപ്പ് രേഖപ്പെടുത്തിയിരുന്നോ ;

(ഡി) രേഖപ്പെടുത്തിയിരുന്നുവെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(ഇ) ധനവകുപ്പിന്റെ എതിർപ്പ് മറികടന്ന് ഇവരെ ഈ തസ്തികയിൽ തുടരാൻ അനുവദിക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഇതിന് ഉത്തരവ് നൽകിയത് ആരാണെന്നും ഇതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഇപ്പോഴത്തെ ജനറൽ മാനേജർ ശ്രീമതി എസ്. അമിതാഭായി തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്നും ബി.എസ് സി. എഞ്ചിനീയറിംഗ് പാസ്സായതിനുശേഷം കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ 28 വർഷത്തെ സേവനത്തിനുശേഷം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ആയി വിരമിച്ച വ്യക്തിയാണ്.

(ബി) മറ്റ് ഡിപ്പാർട്ടുമെന്റുകളിൽനിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും, വിരമിച്ചശേഷവും കോർപ്പറേഷനിൽ നിയമിച്ച ആരുടെയും വിദ്യാഭ്യാസ യോഗ്യതാ

LIBRARY ARCHIVES Kerala Legislative Assembly

സർട്ടിഫിക്കറ്റുകൾ വാങ്ങിയിട്ടില്ല. അവരുടെ മാതൃവകുപ്പിലെ പ്രവൃത്തിപരിചയം കണക്കിലെടുത്താണ് നിയമിക്കുന്നത്. ആയതിനാൽ ശ്രീമതി അമിതാഭായിയുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമല്ല.

(സി-ഇ) ഈ തസ്തികയിൽ നിയമിക്കുന്നതിനെതിരെ ആരും എതിർപ്പ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ മൂന്നാമത്തെ വർഷം കരാർ പുതുക്കുന്ന സമയത്ത് കോർപ്പറേഷനിൽ പർച്ചേസ് പരിചയമുള്ള ആളുകൾ വേണ്ടത്ര ഇല്ലാതിരുന്നതിനാൽ അവരുടെ കോർപ്പറേഷനിലെ രണ്ടു വർഷത്തെ പെർഫോർമൻസ് കണക്കിലെടുത്തും തുടർന്നും സർവ്വീസ് നീട്ടുവാൻ മാനേജിംഗ് ഡയറക്ടർ ബോർഡിലേക്ക് നിർദ്ദേശിച്ചു അപ്പോൾ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിലെ ധനകാര്യ വകുപ്പിലെ അംഗം ശ്രീമതി അമിതാഭായിക്ക് ഫാർമസ്യൂട്ടിക്കൽ മേഖലയിലുള്ള യോഗ്യതയും പ്രവൃത്തി പരിചയവും ഇല്ല എന്ന കാരണത്താൽ വിയോജിപ്പ് രേഖപ്പെടുത്തുകയുണ്ടായി. എന്നാൽ ഭൂരിപക്ഷ മറ്റ് ബോർഡ് അംഗങ്ങൾ (7 പേർ) ശ്രീമതി അമിതാഭായിയുടെ കഴിഞ്ഞ രണ്ടു വർഷക്കാലത്തെ പ്രവർത്തന മികവ് അംഗീകരിക്കുകയും അവർ തൽസ്ഥാനത്ത് തുടരുവാൻ കരാർ പുതുക്കി നൽകുവാൻ അംഗീകാരം നൽകുകയും ചെയ്തു.

(എഫ്) കോർപ്പറേഷന്റെ 27-ാം മത്തെ ഡയറക്ടർ ബോർഡാണ് പ്രസ്തുത തീരുമാനമെടുത്തത്. ധനകാര്യവകുപ്പിലെ അംഗത്തെ കൂടാതെ താഴെപ്പറയുന്ന വരാണ് മറ്റ് ബോർഡ് അംഗങ്ങൾ:

1. Sri. Rajeev Sadanandan IAS, Chairman, KMSCL & Principal Secretary, H & FWD
2. Dr. M. Beena IAS, State Mission Director, NRHM
3. Dr. P. K. Jameela, Director of Health Services
4. Dr. V. Geetha, Director of Medical Education
5. Sri. Hariprasad P., Drugs Controller
6. Dr. Joyamma Varkey, Prof. & Head of Pharmaceutical Sciences, MC, Tvpm
7. Sri. R. Kamalhar IFS, Managing Director, KMSCL.

LIBRARY ARCHIVES Kerala Legislative Assembly